**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2976** **03-08-2021 - ൽ മറുപടിയ്ക്ക്**

**എല്ലാ പഞ്ചായത്തുകളിലും പൊതു കളിസ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും പൊതു കളിസ്ഥലം / സ്റ്റേഡിയം ആരംഭിക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിൽ ഉണ്ടോ; വിശദമാക്കുമോ? | (എ) | കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 58 സ്റ്റേഡിയങ്ങളുടെ (14 ജില്ലാ സ്റ്റേഡിയങ്ങളും, 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും) നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത 58 സ്റ്റേഡിയങ്ങളിൽ 4 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 8 സ്റ്റേഡിയങ്ങളുടെ ഒന്നാം ഘട്ട പ്രവൃത്തികളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. ഇവയിൽ 20 പദ്ധതികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/ മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണത്തിനുള്ള നടപടികൾ കായിക വകുപ്പ് ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്വകാര്യ മേഖലയിലുള്ള കളിസ്ഥലങ്ങളുടെ വിവര ശേഖരണവും പരിഗണനയിലാണ്. പ്രസ്തുത വിവര ശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ പഞ്ചായത്തിലും ഒരു സ്റ്റേഡിയമെങ്കിലും സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ബഹു.മുഖ്യമന്ത്രിയുടെ 10 ഇന പരിപാടിയിൽ ഉൾപ്പെടുത്തി പ്രാദേശിക തലത്തിൽ ആളുകൾക്ക് പ്രഭാത സായാഹ്ന സവാരി നടത്തുവാനും കുട്ടികൾക്ക് കളിക്കുവാനും പൊതുയിടങ്ങൾ ഒരുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 50 ഗ്രാമപഞ്ചായത്തുകളിൽ പൊതുയിടം പൊതുജനങ്ങൾക്ക് തുറന്ന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ